(ബി) എങ്കിൽ ഇതിനകം എത്ര ചർച്ചകൾ നടന്നു ; ഇതിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ ;

(സി) ആനമലയാറിൽനിന്നും തമിഴ്നാടിന് വെള്ളം നൽകുന്നതു സംബന്ധിച്ച് ധാരണയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ടി.എം.സി. വെള്ളം നൽകാമെന്നാണ് ധാരണയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്.

(ബി) 1988 മുതൽ 2011 ജനുവരിവരെയുള്ള കാലയളവിൽ കേരളവും, തമിഴ്നാടും തമ്മിൽ കരാർ പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിതലത്തിലും, മന്ത്രി തലത്തിലും ഔദ്യോഗികതലത്തിലുമായി പത്തൊൻപത് ചർച്ചകൾനടന്നു. ഈ ചർച്ചകളിലൊന്നും കരാറിലെ വ്യവസ്ഥകൾ പുനരവലോകനംചെയ്യുന്നത് സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഇരുസംസ്ഥാനങ്ങൾക്കും ഇടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ലഘൂകരിച്ച് പൊതുതാല്പര്യമുള്ള വിഷയങ്ങൾ കണ്ടെത്തുന്നതിനും, സമവായ സാദ്ധ്യതയുള്ള മേഖലകൾക്ക് ഊന്നൽ കൊടുക്കുന്നതിനുമുള്ള സാഹചര്യമൊരുങ്ങിയിട്ടുണ്ട്.

(സി) കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ആനമലയാറിൽനിന്നും 2.5 tmcft ജലത്തിനാണ് തമിഴ്നാടിന് അർഹതയുള്ളത്. ആനമലയാറിൽനിന്നും 2.5 tmcft ജലം കേരളം നിർമ്മിക്കുന്ന വൈദ്യുത നിലയത്തിന്റെ ഉപയോഗത്തിനു ശേഷം തമിഴ്നാട്ടിലേക്ക് തിരിച്ചുവിടുന്നതിനുള്ള പദ്ധതി കേരളം നടപ്പാക്കുന്നതാണ്. അതിനുള്ള സാങ്കേതിക സാദ്ധ്യത കേരളം പരിശോധിച്ച് തൃപ്തികരമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാങ്കേതിക സാദ്ധ്യത റിപ്പോർട്ട് തമിഴ്നാടിന് പരിശോധനയ്ക്കായി നൽകുമെന്നും, അതിന്മേൽ തമിഴ്നാടിനുള്ള കാഴ്ചപ്പാട് രണ്ട് മാസങ്ങൾക്കുള്ളിൽ അറിയിക്കുമെന്നും 21-1-2011-ൽ തിരുവനന്തപുരത്തുവച്ച് നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി.

2011-12 വർഷത്തേക്കുള്ള വാർഷിക പദ്ധതിയുടെ വിശദാംശങ്ങൾ

21 (*20) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 വർഷത്തേക്കുള്ള വാർഷിക പദ്ധതിക്ക് സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവാണ് വകയിരുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത് ;

(ഡി) പുതുതായി എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഇ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) ഈ വർഷം പദ്ധതിചെലവ് എത്ര ശതമാനം കൈവരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) രൂപംനൽകിയിട്ടുണ്ട്. 2011-12 വാർഷിക പദ്ധതിയുടെ അടങ്കൽ 11030 കോടി രൂപയാണ്. പ്രസ്തുത കരട് വാർഷിക പദ്ധതി അംഗീകരിച്ചു കൊണ്ടു പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി നൽകിയിട്ടുണ്ട്.*

(ബി) 10.02 ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

(സി) കാർഷിക മേഖല, പശ്ചാത്തല മേഖല, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും എന്നിവയ്ക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്.

(ഡി) 2011-12-ലെ വാർഷിക ബഡ്ജറ്റിന്റെ ഭാഗമായതിനാൽ പ്രസ്തുതവിവരം ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല.

(ഇ) 2010 ഡിസംബർ 31-വരെയുള്ള പദ്ധതി പ്രവർത്തനം വിലയിരുത്തിയതിൽ സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനത്തിൽ 43% പുരോഗതി കൈവരിച്ചതായി കാണുന്നു. മുൻവർഷം (2009-10 സാമ്പത്തികവർഷം) ഇതേ കാലയളവിൽ കൈവരിച്ചതിനേക്കാൾ (41%) മെച്ചപ്പെട്ട പുരോഗതി കൈവരിക്കാനായിട്ടുള്ളതായി വിലയിരുത്തുന്നു.

(എഫ്) പദ്ധതി നടത്തിപ്പിലെ പുരോഗതി വിലയിരുത്തൽ, പദ്ധതി നടത്തിപ്പ് കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻവേണ്ട നടപടികൾ എന്നിവ മാസംതോറുമുള്ള ചീഫ് സെക്രട്ടറിയുടെ യോഗങ്ങളിലൂടെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ മുൻവർഷത്തേക്കാൾ മെച്ചപ്പെട്ട പുരോഗതി നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രവാസി കേരളീയ ക്ഷേമനിധി പദ്ധതി

21 (*22) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly